

# CHURCH VOICE

C. S. I. MATEER MEMORIAL CHURCH

Vol. 21 No. 01 Newsletter January 2023




"ഞാൻ വേഗം വരുന്നു; നിന്റെ കിരീടം ആരും എടുക്കാതിരിപ്പാൻ
തക്കവണ്ണം നിനക്കുള്ളതു പിടിച്ചുകൊൾക".

വെളിപ്പാട് 3:11

# Annual Thanksgiving Service (04-12-2022)



CHURCH VOICE

21th year of publication

JANUARY 2023

EDITORIAL BOARD

EDITOR

Mrs. Valsa D. S.

SUB EDITOR

Er. Ceragil Austin Prince

MEMBERS

Er. Premdas Justus
Adv. Sarjine Thomas
Dr.Christenson E.Sarasam
Dr. Samson Nessiah
Mr. L. J. Padmakumar
Mr. Zaem Enock
Mr. Jaichand Johnson
Mr. Livingstone A
Dr. Oliver Robertson G.
Dr. Thilaga Samson

ADDRESS

The Editor
Church Voice
M.M. Church
Trivandrum

Articles/Feedback may be sent to

churchvoice@gmail.com
Mob: 9037819570

Church Voice can be read online at our website

www.mateermemorialchurch.com

PRINTED AT

GRACE PRINTERS
Muttada. Ph: 9447059891

# CSI MATEER MEMORIAL CHURCH

## Regular Weekly Programme

| | | |
|---|---|---|
| Week Days | Evening Prayer (Online) | 08:00pm |
| Sun | Choir Practice | 08:00am |
| | Malayalam Service | 09:00am |
| | Sunday School | 10:45am |
| | Men's Fellowship | 10:45am |
| | Women's Fellowship | 10:45am |
| | Senior Citizens' Fellowship | 10:45am |
| | BCL Union & JCF | 12:00noon |
| | Christian Endeavour Youth Fellowship | 12:00noon |
| | Young Family Fellowship | 12:00noon |
| | Prayer | 12:00noon |
| Wed | Gospel Band Visit | 05:00pm |
| Fri | Circle Prayer | 6:30pm |
| 2nd Sat | Fasting Prayer | 10:00am |



Letter from Presbyter

# പ്ലാറ്റിനം ജൂബിലി വരെ... 4



**Rev. Dr. L.E. Sahanam**

**പ്രെസ്ബിറ്റീരിയൻ സഭകൾ**

നവീകരണ (Reformed) സഭകളുടെ വിഭാഗത്തിൽ വളരെ പ്രബലമായൊരു സഭാവിഭാഗമാണ് പ്രെസ്ബിറ്റീരിയൻ സഭകൾ. നവീകരണ ആശയങ്ങൾ പൊതുവെ അവർ അംഗീകരിക്കുന്നെങ്കിലും ജോൺ കാൽവിന്റെ വേദപുസ്തക വ്യാഖ്യാനങ്ങളാണ് അവരുടെ വിശ്വാസ പ്രമാണങ്ങൾക്ക് അടിസ്ഥാനം. കാൽവിൻ തന്റെ പ്രവർത്തന കേന്ദ്രമായി തിരഞ്ഞെടുത്ത സ്വിറ്റ്സർലാന്റിലെ ജനീവയിലാരംഭിച്ച പ്രസ്ബിറ്റേറിയൻ സഭ ക്രമേണ യൂറോപ്പിന്റെ വിവിധ ഭാഗങ്ങളിലേക്കു വ്യാപിക്കുകയാണുണ്ടായത്. വിശ്വാസത്തിന്റെ പേരിൽ സഭയിൽ നിന്നു പുറത്താക്കപ്പെട്ട യൂറോപ്പിലെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ളവർ ജനീവയിലേക്കു വന്നിരുന്നു. അവർക്ക് മതിയായ പരിശീലനം നൽകിയ ശേഷം തിരിച്ച് അവരുടെ രാജ്യങ്ങളിലേക്കയക്കുകയോ മറ്റു പ്രദേശങ്ങളിൽ സഭാ പ്രവർത്തനത്തിനയക്കുകയോ ചെയ്തിരുന്നു. അങ്ങനെ ജനീവ പ്രൊട്ടസ്റ്റാന്റ് ചിന്തകളുടെയും പ്രെസ്ബിറ്റീരിയൻ സഭകളുടെയും പ്രഭവകേന്ദ്രമായി മാറി എന്നു പറയാം. (400 വർഷങ്ങൾക്കുശേഷം സഭാ ഐക്യ പ്രസ്ഥാനത്തിന്റെ (അഖില ലോക സഭാ കൗൺസിൽ WCC) യുടെ ആസ്ഥാനമായി ജനീവയെ തെരഞ്ഞെ ടുത്തതും ഒരു നിയോഗമായിരിക്കാം)

സഭയുടെ അടിസ്ഥാന വിശ്വാസങ്ങളിലും ആരാധനാരീതികളിലും മറ്റു നവീകരണ സഭകൾക്കൊപ്പം നിൽക്കുമ്പോൾ സഭാഭരണ വ്യവസ്ഥ (Church Polity) പ്രെസ്ബിറ്റീരിയൻ സഭകളെ വ്യത്യസ്ഥരാക്കുന്നു. 1 പത്രൊ. 2:5-10 വരെയുള്ള വാക്യങ്ങൾ വിഭാവനം ചെയ്യുന്ന 'എല്ലാ വിശ്വാസികളുടെയും പൗരോഹിത്യം' (Priesthood of all believers) എന്ന ആശയത്തിന്റെ ചുവടുപിടിച്ചാണ് അവർ സഭാ ഭരണക്രമം രൂപപ്പെടുത്തിയത്. 'മുകളിൽ' നിന്നാരംഭിച്ച് താഴെത്തട്ടിലേക്ക് കടക്കുന്ന ബിഷപ്പ് കേന്ദ്രീകൃതമായ ഭരണക്രമത്തിൽ നിന്ന് (Episcopal polity) ഓരോ സഭകളും പൂർണ്ണ സ്വാതന്ത്ര്യം വച്ചു പുലർത്തുന്ന സ്വതന്ത്ര്യസഭകളുടെ ഭരണ ക്രമത്തിൽ നിന്നും (Congregational polity) വ്യത്യസ്ഥമായി ഒരു മധ്യ മാർഗ്ഗമാണ് പ്രെസ്ബിറ്റീരിയൻ സഭകൾ സ്വീകരിച്ചിരുന്നത്. പ്രെസ്ബിറ്റീരിയൻ ഭരണക്രമത്തെ കൂട്ടായ നേതൃത്വം അഥവാ അനുരഞ്ജന ക്രമം (Conciliatory way) എന്നു പറയാറുണ്ട്.

സഭയുടെ തല ക്രിസ്തുവും ക്രിസ്തുവിനുകീഴിൽ തുല്യപദവിയും വ്യത്യസ്ഥ ചുമതലകളും നിർവഹിക്കുന്ന ശരീരത്തിലെ വിവിധ

അവയവങ്ങളെപ്പോലെ (1 കൊരി. 12:12-27)യാണ് എല്ലാ വിശ്വാസികളും എന്നതാണ് അവരുടെ കാഴ്ചപ്പാട്. സഭാശുശ്രൂഷ എല്ലാ അംഗങ്ങളുടെയും ചുമതലയാണ്. എന്നാൽ പ്രത്യേക ശുശ്രൂഷകൾക്കായി വെവ്വേറെ ആളുകളെ നിയോഗിച്ചി രിക്കുന്നെന്നുമാത്രം.

**ഭരണവ്യവസ്ഥ**

പ്രെസ്ബിറ്ററീരിയൻ സഭകളിൽ പൊതുവായി 5 തലത്തിലുള്ള സഭാഭരണക്രമം കാണാം.

**1. സെഷൻസ്**

സഭയുടെ ചുമതലയുള്ള ശുശ്രൂഷകനും മൂപ്പന്മാരും ഉൾപ്പെടുന്നതാണ് സെഷൻസ് എന്നു പറയുന്ന സഭാകമ്മറ്റി. സഭാ ശുശ്രൂഷകൻ അഥവാ പ്രെസ്ബിറ്ററാണ് അതിന്റെ അധ്യക്ഷൻ. സഭയുടെ ശുശ്രൂഷകൾക്കും സാധാരണ പ്രവർത്തനങ്ങൾക്കും മേൽനോട്ടം വഹിക്കുന്നത് സെഷകൻസാണ്. സഭാശുശ്രൂഷക്ക് വരുന്നവരുടെ ദൈവവിളി പരിശോധിക്കുക, അവരെ ശുശ്രൂഷക്കായി തെരഞ്ഞെടുക്കുക (Calling and Election of Pastor) അംഗങ്ങളെ സഭയിൽ സ്വീകരിക്കുക, ഒഴിവാക്കുക, ആരാധനാരീതി ക്രമീകരിക്കുക, അച്ചടക്കം കാത്തുസൂക്ഷിക്കുക, സാധുക്കളെ സംരക്ഷിക്കുക എന്നീ കാര്യങ്ങൾ സെഷൻസ് നിറവേറ്റുന്നു. ശുശ്രൂഷകരെ വൈദികാഭിഷേകത്തിനായി നിർദ്ദേശിക്കുന്നത് സെഷൻ സാണ്. വൈദികാഭിഷേകം ജീവിതകാലത്തേക്കാണ്. എന്നാൽ അവരെ ചുമതലയേല്പിക്കുന്നത് ഒരു നിശ്ചിത കാലഘട്ടത്തേക്കാണ്.

**2. ട്രസ്റ്റീസ് (**Trustees, **ചുമതലക്കാരൻ/കൈക്കാരൻ)**

സഭയുടെ ഭൗതീക കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നവരാണ് ട്രസ്റ്റീസ്. സഭയുടെ പൊതുയോഗം ട്രസ്റ്റീസിനെ തിരഞ്ഞെടുക്കുന്നു. അവരിൽ നിന്നു തന്നെ തിരഞ്ഞെടുക്കുന്ന ഒരദ്ധ്യക്ഷന്റെ ചുമതലയിൽ സഭയുടെ വസ്തുക്കൾ, കെട്ടിടങ്ങൾ എന്നിവയുടെ പരിപാലനം അവർ നിർവഹിക്കുന്നു. സഭയുടെ നിയമപരവും, ധനപരവുമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതും അവരാണ്. ട്രസ്റ്റീസിന്റെ ചുമതല ഒരു നിശ്ചിത കാലത്തേക്കാണ്. അവർ വൈദീക അഭിഷേകം ലഭിച്ചവരല്ല (Not Ordained).

**3. പ്രെസ്ബിറ്ററി** (Presbytery)

ഒരു പ്രത്യേക പ്രദേശത്തുള്ള സഭാചുമതലയുള്ളതോ, അല്ലാത്തതോ ആയ വൈദീക നിയോഗം ലഭിച്ച ശുശ്രൂഷകരും (Ordained Pastors) ഓരോ ആരാധനാ സമൂഹങ്ങളിൽ നിന്നും നിയോഗിക്കപ്പെടുന്ന ഒന്നോ, രണ്ടോ പ്രതിനിധികൾ അഥവാ മൂപ്പന്മാരും ഉൾപ്പെടുന്നതാണ്. ഒരു പ്രെസ്ബിറ്ററി അഥവാ ശുശ്രൂഷാ സംഘം, എൽ.എം.എസ്. പാരമ്പര്യത്തിലെ 'ചർച്ച കൗൺസിൽ' പ്രെസ്ബിറ്ററിക്ക് ഏതാണ്ട് സമാനമാണ്.

ഒരു ആരാധനാ സമൂഹം തിരഞ്ഞെടുത്ത് സെഷൻസ് നിർദ്ദേശിക്കുന്ന ശുശ്രൂഷകനെ പട്ടത്വശുശ്രൂഷയിൽ പ്രവേശിപ്പിക്കുന്നതും, അവരെ ആരാധനാ സമൂഹങ്ങളിൽ നിയോഗിക്കുന്നതും, സ്ഥലം മാറ്റുന്നതും ശുശ്രൂഷയിൽ നിന്ന് വിടർത്തുന്നതും പ്രെസ്ബിറ്ററിയുടെ ഉത്തരവാദിത്തമാണ്. ഒരിക്കൽ ഒരു വ്യക്തിയെ പട്ടത്വശുശ്രൂഷയിൽ പ്രവേശിപ്പിച്ച് ഒരു സഭയുടെ ചുമതലയേൽപിച്ചാൽ പ്രെസ്ബിറ്ററിയുടെ അനുവാദമില്ലാതെ സഭക്ക് അദ്ദേഹത്തെ നീക്കുന്നതിനോ, അദ്ദേഹത്തിനു സഭവിട്ടു പോകുന്നതിനോ അവകാശമില്ല.

ഒരു പ്രെസ്ബിറ്ററിയിൽ ഉൽപ്പെട്ട എല്ലാ സഭകളുടെയും വിശ്വാസപരവും, സാമ്പത്തികവും നിയമപരവുമായി കാര്യങ്ങൾ പ്രസ്ബിറ്ററിയുടെ അധികാര പരിധിയിൽ വരും. സഭകളിൽ നിന്നു വരുന്ന പരാതികൾക്ക് ഒരു അപ്പീൽ കോടതിയായും പ്രെസ്ബിറ്ററി പ്രവർത്തിക്കും. പ്രെസ്ബിറ്ററി ഒരു മോഡറേറ്ററെ ഓരോ വർഷവും തിരഞ്ഞെടുക്കും. ആവശ്യാനുസരണം പ്രെസ്ബിറ്ററി സമ്മേളിക്കും.

**സിനോഡ്**

പല പ്രെസ്ബിറ്ററികൾ ഒരുമിച്ചു കൂടുമ്പോഴാണ് സിനോഡ് സമ്മേളിക്കുക. വിവിധ പ്രെസ്ബിറ്ററികളിൽ നിന്നു തിരഞ്ഞെടുക്കുന്ന പ്രതിനിധികൾ ഉൾപ്പെടുന്നതാണ് ഒരു സിനോഡ്. വിവിധ പ്രെസ്ബിറ്ററികൾ തമ്മിൽ ചേർന്നുള്ള പരിപാടികൾ ഏകോപിക്കുന്നതും അവരുടെ നിയമപരമായ കാര്യങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതുമാണ് സിനോഡിന്റെ പ്രധാന ചുമതല. സാധാരണ വർഷത്തിലൊരു പ്രാവശ്യമാണ് സിനോഡ് കൂടുക. സിനോഡ് സമ്മേളനം നിയന്ത്രിക്കുന്നതിന് അതാത് സിനോഡ് യോഗങ്ങളിൽ വച്ച് ഒരു മോഡറേറ്ററെ തെരഞ്ഞെടുക്കും. യോഗം കഴിയുമ്പോൾ മോഡറേറ്ററുടെ ചുമതലയും അവസാനിക്കും.

**ജനറൽ അസംബ്ളി (ജനറൽ സിനോഡ്)**

പ്രെസ്ബിറ്റീരിയൻ ഭരണ ക്രമമനുസരിച്ചു ഏറ്റവും ഉന്നതമായ സദസാണ് ജനറൽ സിനോഡ്. ജനറൽ സിനോഡിലേക്കുള്ള പ്രതിനിധികളെ ഓരോ പ്രസ്ബിറ്ററിയും തിരഞ്ഞെടുക്കും. ജനറൽ അസംബ്ളി തിരഞ്ഞെടുക്കുന്ന മോഡറേറ്ററായിരിക്കും നടപടികൾ നിയന്ത്രിക്കുക. സാധാരണ ഒരു സമ്മേളനം നിയന്ത്രിക്കുന്നതിനായിരിക്കും മോഡറേറ്ററെ തിരഞ്ഞെടുക്കുക. അതൊരു പദവിയായി കണക്കാക്കാറില്ല. സമ്മേളനം നടക്കുമ്പോൾ മാത്രമേ അദ്ദേഹത്തെ മോഡറേറ്റർ എന്ന് അഭിസംബോധന ചെയ്യാറുള്ളൂ. സമ്മേളനം കഴിഞ്ഞാൽ അദ്ദേഹത്തിന് മോഡറേറ്റർ എന്ന നിലയിൽ മറ്റുത്തരവാദിത്തങ്ങൾ ഒന്നും ഉണ്ടായിരിക്കുന്നതല്ല. ജനറൽ അസംബ്ളിയുടെ ചുമതലകൾ നിറവേറ്റുന്നത് പ്രത്യേകം നിയമിച്ച ചുമതലക്കാരൻ (Slated Clerk) ആയിരിക്കും. ജനറൽ അസംബ്ലി വർഷത്തിലൊരു

പ്രാവശ്യമോ രണ്ടു വർഷത്തിലൊരിക്കൽ മാത്രമോ ആണ് കൂടുക. ജനറൽ അസംബ്ളികൾക്ക് പൊതുവെ വിശാലമായ അധികാര പരിധിയുണ്ടെങ്കിലും പ്രെസ്ബിറ്ററികളാണ് സഭയുടെ ഭരണം പ്രായോഗികമായി നിയന്ത്രിക്കുന്നത്.

റോമർ കത്തോലിക്കാ സഭയിൽ നിലനിന്നിരുന്നതും നവീകരണത്തെ തുടർന്ന് ആംഗ്ലിക്കൻ സഭ സ്വീകരിച്ചതുമായ എപ്പിസ്കോപ്പൽ ഭരണ ക്രമത്തോടുള്ള പ്രതിഷേധമായിട്ടാണ് പ്രെസ്ബിറ്റീരിയൻ സഭകൾ ഇത്തരം ഒരു ഭരണ ക്രമം സ്വീകരിച്ചിരുന്നത്. പുതിയ നിയമകാലത്തെ സഭാഭരണ ക്രമത്തിനനുസരിച്ചാണ് ഈ ക്രമം എന്നവർ വിശ്വസിക്കുന്നു. കോൺഗ്രിനേഷണൽ സഭകളെപ്പോലെ പരസ്പര ബന്ധമില്ലാതെ തികച്ചും സ്വതന്ത്ര സഭകളായി നിലനിൽക്കുന്നതും നന്നല്ല എന്നവർ വിശ്വസിക്കുന്നു. പല കോൺഗ്രിഗേഷണൽ സഭകളും വളർന്നു തുടങ്ങിയപ്പോൾ പ്രെസ്ബിറ്റീരിയൻ ഭരണ ക്രമമായിരിക്കും ഏറെ നല്ലത് എന്ന് കരുതി അത് സ്വീകരിക്കുകയുണ്ടായി. അതുകൊണ്ടുകൂടിയാവണം സഭാഐക്യചർച്ചകൾ തുടങ്ങിയ കാലഘട്ടത്തിൽ ദക്ഷിണേന്ത്യയിലെ രണ്ട് സഭാവിഭാഗങ്ങളായ പ്രെസ്ബിറ്റീരിയൻ സഭകളും കോൺഗ്രിഗേഷണൽ സഭകളും ചേർന്ന് 1908-ൽ സൗത്ത് ഇന്ത്യ യുണൈറ്റഡ് ചർച്ചിന് (എസ്.ഐ.യു.സി) രൂപം നൽകുന്നതിനു ഏറെ ബുദ്ധിമുട്ടേണ്ടിവരാതിരുന്നത്. എന്നാൽ 1947-ൽ സി.എസ്.ഐ. സഭാ രൂപവത്കരണത്തിനു മുന്നോടിയായി നടന്ന എല്ലാ ഐക്യചർച്ചകളിലും എപ്പിസ്കോപ്പസിയുടെ സ്ഥാനം ഒരു കീറാമുട്ടിയായി നിലനിന്നിരുന്നു. ഒടുവിൽ 1947-ൽ ഇന്ത്യക്ക് സ്വതന്ത്ര്യം ലഭിച്ച് മിഷനറിമാർ ഓരോരുത്തരായി മടങ്ങേണ്ട സാഹചര്യം വന്നപ്പോൾ മിഷനറിമാരുടെ അനുനയത്തിനു വഴങ്ങി ഭരണഘടനക്കു വിധേയമായ ബിഷപ്പുമാരുടെ ഭരണം (Constitutional episcopacy) എന്നൊരു ഭരണ സംവിധാനം അംഗീകരിക്കുകയാണുണ്ടായത്. ആദ്യകാലങ്ങളിൽ അത് സുഗമായി നടന്നുപോയെങ്കിലും പ്ലാറ്റിനം ജൂബിലിയാഘോഷിക്കുമ്പോൾ സഭ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നവും ഈ ഭരണ സംവിധാനത്തിന്റെ വൈകൃതങ്ങളാണ്.

## What a contrast!

In a country like India where 97% of the population is non-Christian, the church has to set an example in choosing their leaders. The church has terribly failed in its mission to show forth the glory of God to the world. In the early church, Bishops allowed themselves to be burnt alive for the sake of the Gospel, but, alas, today the Bishops are burnt alive because of power struggles within the church!

# REPORT OF ACTIVITIES



Dear friends in Christ,

Greetings in the matchless name of our Lord and Saviour Jesus Christ.

It is my privilege and honour to report the activities during the month of December 2022. All glory to God who guided us through the period of tribulations to see the wrapping up of the year with all cheers and inspiration.

With all its spirit the Sunday worship services went on well during the month. Rev. Sujin Jacob, Rev. Anvin Paul, Rev. Reynold Isaiah and Rev. Calvin Christo delivered sermons in the services . Rev. Dr. L. E. Sahanam continued his leadership in all the activities of the church. Rev. Dr. R Gnanadas was also present in all the worship services.

The month started with the fragrance of advent and a festive mood. Mid-term exams, Christmas shopping, Christmas window displays, Christmas tree lightings, display of stars and all gave excitement to our children.

Being the festive season all the sub organizations of our Church were engrossed in hectic activities. Christmas Carol, passing out Christmas wishes from house to house, commenced on 1st December. Sri Ruben S. L. and Er. Arun Wilson were the General Convenors. Four teams sent out messages of Christmas to around 800 families through songs. Each team had the participation of around 20 members who had set apart their valuable time for this noble cause. Sri. Vijayakumar, Sri. Nathaniel Henry, Adv. Roy Yesudas and Sri. Rajeev Kumar R. R. were the team leaders. Rev. Anvin Paul, Rev. Nelson, Rev. Ajin Kamal, Rev.Reynold, Rev. Anish Varghese, Rev. Ajilal, Rev. Sujin Jacob, Rev. Calvin Christo and Rev. Justin Jose served as spiritual leaders for the Carol Teams. The Carol Rounds came to an end on 20th December with a visit to the houses of Pastors who led the Carol teams. Leadership provided by Rev. Dr. L. E. Sahanam and Er. Premdas Justus is worth mentioning.

Our Church choir presented songs in the Christmas programmes organized by ecumenical organizations like Trivandrum Young Men Christian Association and United Christian Movement.

Annual thanks giving service, remembering the 116th year of formation of our Church, was celebrated on 4th December. Dr. Mrs. Priyadarsini John was the Guest Speaker. Nine couples who have completed 50 years of married life and seven members of the congregation who have completed 75 years of age were honoured. Forty nine members who had secured admission in higher courses and received recognition for achievements were felicitated. Songs were presented by all sub organizations. Love feast was served. Er. Priya Joy and Er. Jerry Daniel were the Convenors.

Harvest Festival was celebrated on 10th and 11th December with more than the usual tempo. Members actively participated in the online bidding also. Income from Harvest Festival exceeded the previous years. Sri. Jaichand Johnson and Sri. Vijay Wills were the General Convenors.

CEYF Carol Service was held on 11th December. CEYF Choir, Junior Choir, Children's Choir, Church Choir, Melody Singers, Trivandrum Choristers Association, 4 Clefs and Crescendo presented songs.

Combined Christian Celebrations, another highlight of the season was held on 23rd December with the participation of all sub organizations of our Church. Dr. Sajitha Sajeev, Adv. Asha Adlin Sarjine and Er.Tina Jose were the Convenors. The drama on Bible history played by members of all the sub organizations was meticulous. There were nine participants each in the Manger and Christmas tree competitions held on that day. Trophies were distributed to all participants. The role played by Sri. Ramon Jose and Er. Soben S. L. in the successful conduct of the completion is appreciated. The church members decorated the premises of Salvation Army Johnson Memorial Hall with Stars and Christmas Lanterns.

Gnanabaranam Memorial Sports Competitions were held on 24th morning as usual. This years prizes for the competition were fully sponsored by the members of Gnanabararanam family. The Church Choir presented Carol songs after the Christmas Eve Service. The musical orchestra conducted by Prof. Poovi Thangakumari was a special attraction.

Christmas Service was held at 9 am and the Charismas tree programme was conducted by BCL union at 3 pm on the Christmas day.

Gospel Band house visits were held every Wednesday. Year ending prayer was conducted on 29th and 30th December under the leadership of Gospel Band. Prof. Raja Prasad and Smt. Anie Ruben were instrumental in conducting the Online daily prayer at 8 pm from Monday to Saturday.

Watch night service was held at 11 pm on 31st as a communion service followed by Fire Works under the leadership of CEYF.

Substantial amounts were released to 24 beneficiaries identified by the Charity Committee during the month. Christmas Kits were also distributed to the poor. Sri. Santhosh Kumar C. F played a vital role in the identification of beneficiaries, procurement and distribution of articles.

MMCCF has obtained 12 A registration from the Income Tax Department for Income Tax exemption for donations.

All events connected to the festivity were conducted delightfully as in the previous years. The ceaseless efforts put forth by the Convenors, Joint Convenors and the Committee members to make this year's activities a grand success is sincerely appreciated.

The committee extend greetings to all who celebrated their birthdays and wedding anniversaries during the month of December 2022.

May God our Father Almighty bless you with abundant joy. Wishing you all a happy and prosperous new year.

**Jothi Sathianess A.**

## WORSE THAN SECULAR POLITICS

Election in the churches for various offices, including the top office of the Moderator has been a curse in Indian churches. Nowadays these elections are conducted on par with political elections; in some cases it is worse. Canvassing for votes, buying of votes, kidnapping of members, disqualifying of members on flimsy grounds and adding of new members to accomplish their own purpose have become the order of the day.



# 2023
# A NEW YEAR OF NEW HOPES

**Dr. Christenson E. Sarasam**

## Travel with courage

A new year generates new hopes. A year of getting to know the unchanging Christ even when everything is changing. Days of experiencing God's faithfulness. *"The sun rises, and the sun sets, bound to the place where it rose"* (Ecclesiastes 1:5). The law of the universe changes every day with sunrise and sunset. Time moves fast. Days, weeks, months, years.... the days pass before our eyes. When one more year is added to human life, we celebrate it as New Year. Alongside, life must be transformed in Christ and daily routines must be reformed. Don't stop being determined. We cannot be silent and passive. Be involved in vibrant spiritual activities footing firm on the foundation of missionary traditions. Garner courage to take on different responsibilities. We need to convert the upcoming challenges into a viable energy source for us. *Jesus said : "I am with you always, even to the end of the age" (Mathew 28:20). Let us take the promise that when you pass through rivers, they will not overflow over you, and when you walk through fire, you will not be burned (Isaiah 43:2).* In the midst of the daily preoccupations of the New Year that we have to go through, we are called to understand the divine revelation and gain the power of God for God-oriented performance.

## Forget not God's faithfulness

*"Remember the former things, and there is no other God before me"* (Isaiah 46:9). What we need today is a return to our God who faithfully guided past generations and to the paths of faith they followed. Remembering and forgetting are necessary in life. What is good is to be retained, preserved and cherished; what should be thrown out should be cast out. Remembering the good things God has provided you throughout the last year, we should fervently worship God.

*Jesus carried me to this day*
*Lovingly sustained me till today*
*Oh! How good is my Jesus*
*All sufficient today and forever...*
*Leave everything to our Lord's hands*

Let's start the New Year's journey of life with an open heart towards God. Let's renew our covenants. May God's power be with you to face the pitfalls and dangers that lie hidden. Strive for a good start and a good end. While renewing the covenant with God, let us entrust each of our weak threads to the hands of the Lord who delicately weaves our lives without breaking.

**Move forward with determination**

The Lord has led us by the hand from the beginning to the end of the last year. The promise that *"goodness and mercy will follow me all the days of my life"* (Ps. 23:6) is the assurance that God has given us throughout our lives. Hasn't the merciful God given us comfort, strength and health and kept us until today? How many miracles and wonders have we experienced? In the vehicles we travelled in, how much heavenly protection we received in dangers and misfortunes, comfort in sorrow, deliverance in crisis and adversity. Has not God given courage, and poured out His spirit? How many of those who journeyed with us have fret, fallen and back sledded? Many could not lead a successful life as they desired and got lost midway. Several travelled to other different destinations with various illusory dreams and calculations. Is it not by God's infinite grace that God has kept us in the land of the living? *“What shall I repay God for all his favours to me? I will take the cup of salvation and call upon the name of the Lord”* (Psalm 116:12,13).

**Follow God's will in everything**

We who have entered the New Year should not fill our minds with the painful experiences of our past lives. At the beginning of the year we may be carrying many burdens. Worried about illness? Feel like there's no one to love? In isolation? Are you grieving the loss of a loved one? Losing prestige? In an insurmountable crisis? Has your husband/

wife left you? Are you abandoned under the same roof? Is your growing son and daughter living without God? Is job stress eating away your health? Is the neighbourhood strained? Ignored by the colleagues? Dried up by cares and anguish? Financial debt? Worried about children? In old age, are you abandoned by your children? Having everything but no peace and quiet? There is good news for all of us. Cast all your cares upon Jesus. *"God will not reject a broken heart"* (Psalm 51:17). The life experience of Paul the Apostle inspires us: *"Forgetting what is behind and looking forward to what is ahead, we run toward the high calling of God in Christ"* (Philippians 3:14).

**Renew the Altar**

Scriptural meditation, devotion and prayer should be intensified. If our fellowship and worship together with family have been lagging, this is the time to accomplish repairs on our altar. We must carefully reorganize stewardship and management of punctuality, efficiency, time, talent and resources. May the New Year be blessed by the Almighty.



## പ്രതിവാര ധ്യാനം

**ജനുവരി 1 - വിഷയം: ദൈവത്തിന്റെ ഉടമ്പടി**
ഉല്പ. 9:8-17, സങ്കീ. 145, ഗലാ. 4:21-31, ലൂക്കോ. 22:14-23

**ജനുവരി 8 - വിഷയം: ദൈവത്തിന്റെ വെളിപ്പാട്**
യെശ. 60:1-7, സങ്കീ. 98, എബ്രാ. 1:1-12, മത്തായി 8:5-13

**ജനുവരി 15 - വിഷയം: ഐക്യത്തിനായുള്ള ആഹ്വാനം**
യെഹ. 37:15-23, സങ്കീ. 133, എഫെ. 4:1-6, യോഹ. 15:1-12

**ജനുവരി 22 - വിഷയം: വിശ്വാസത്തിലും പ്രവർത്തിയിലും ഐക്യം**
യോശുവ. 3:9-17, സങ്കീ. 53, അപ്പോ. പ്രവൃ. 9:20-25, മർക്കൊ. 1:21-34

**ജനുവരി 29 - വിഷയം: യഥാർത്ഥ ഭക്തി**
മീഖാ. 6:1-8, സങ്കീ. 42, യാക്കോ. 1:19-27, മത്താ. 6:1-8

## ചിരിക്കൂ, ചിന്തിക്കൂ...

ക്രിസോസ്റ്റം തിരുമേനി വിവിധ സഭകളിലെ ബിഷപ്പുമാർക്കു വേണ്ടി ബൈബിൾ ക്ലാസ്സ് എടുക്കുന്ന സന്ദർഭമാണ്. യേശു ജനങ്ങളെ പഠിപ്പിച്ച രീതിയെക്കുറിച്ചാണ് ക്ലാസ്സ്.

കർത്താവ് എന്താണ് പഠിപ്പിച്ചത്? എന്റെ വചനങ്ങളനുസരിച്ച് നടക്കുന്നവൻ സ്വർഗ്ഗരാജ്യത്തിൽ പോകും. എന്റെ സാക്ഷികളായി പ്രവർത്തിക്കുന്നവർ സ്വർഗ്ഗരാജ്യത്തിന് അവകാശികളാകും. പക്ഷേ, ക്രിസ്തു ആരേയും കൊണ്ടുപോയില്ല. ഇതു ശരിയല്ല എന്നു തോന്നിയതുകൊണ്ടാകാം അവസാന നിമിഷത്തിൽ ഒരാളെ കൂടെ കൊണ്ടുപോകാൻ തീരുമാനിച്ചത്. അത് ഒരു കള്ളനെ ആയിരുന്നു. കൂടെ ക്രൂശിക്കപ്പെട്ട കള്ളൻ. ഈ കഥ മനസ്സിൽ പതിഞ്ഞതു കൊണ്ടാകാം സ്വർഗ്ഗരാജ്യത്ത് കയറിപ്പറ്റുവാൻ പല ബിഷപ്പുമാരും കള്ളന്മാരാകാൻ ശ്രമിക്കുന്നത്. മാത്രമല്ല ഏറ്റവും നല്ല കള്ളനാകുവാൻ തമ്മിൽത്തമ്മിൽ മത്സരിക്കുകയുമാണ്.

## MARRIED LIFE

*The wedding function was grand, but the marriage is not functioning great! Among numerous reasons for this lamentation, here's one : As much as you expect your wife not to stay closely connected to her parents, remember that the first responsibility is on you to have your umbilical cord cut off from your mom (Psa. 45:10, 11; Gen. 2:24).*

*Give your wife a home, not just a house! Disregard for this advice of God the 'Family Constructor - cum - Counsellor' will leave you endlessly distressed! Shalom! (Lk. 10:5)*

# Annual Harvest Festival (10 & 11/12/2022)










# Combined Christmas Ce

















# elebrations (23-12-2022)











"Surely goodness and mercy will follow me all the days of my life, and I will dwell in the house of the Lord forever" Psalm 23:6



In loving memory of
our dear Dad and Husband on
4th Death Anniversary
(11.02.2023)

*Ever Loving Family*

**C.S. SATHYASEELAN**

(Rtd. Additional Secretary)

Govt. of Kerala



# My Prayer to God Almighty

**Er. Arun Wilson**

Close your eyes, fold your hands, and keep down on your knees
Look unto the Lord in Heaven... Pray, Pray and Pray to Him
The Lord! Maker of this whole universe, the planets, stars, moon,
And the sun, the world where we live in... MY P-R-A-Y-E-R.
**Chorus :**

Pray... Pray... When wondrous things unfold in your life...
Pray... Pray... To Lord Our Maker, the living Son of God.
J-e-s-u-s... J-e-s-u-s... J-e-s-u-s...

If you are worried in this world, look unto Him, just pray to Him...
He will Answer... Yes! Surely... He will Answer...
A Solution to each and every Problem in your life... Just Pray... (Ch.)

A life without Prayer is a ticket to Hell... So fellow beings in the world,
Just Pray to God and reserve your tickets to Heaven Above...
A solution to each and every problem in your life... Just Pray... (Ch.)

If you want success in your life... To Prosper in your life...
Just Pray to God Almighty and He will guide you through...
A pathway to each and every success in your life... Just Pray (Ch.)

If you want Peace in your life... To face any difficult situation in your life...
Just Pray to God Almighty and He will give you peace...
A solution to each and every success in your life... Just Pray... (Ch.)

God who hears our prayers, is always with all of us always everywhere
and in everything till the end of this world... So Just Pray... (Ch.)

# "നിത്യജീവൻ പ്രാപിക്കുവാൻ നാം എന്തു ചെയ്യേണം?"



**L.J. Padmakumar**

സുവിശേഷങ്ങളിൽ നിത്യജീവൻ പ്രാപിക്കുന്നതിനെക്കുറിച്ച് അനേകം സന്ദർഭങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. ലൂക്കൊസ് എഴുതിയ സുവിശേഷം 18–ാം അദ്ധ്യായം 18 മുതൽ 25 വരെയുള്ള വാക്യങ്ങളിൽ അത്തരം ഒരു സംഭവത്തെക്കുറിച്ചുള്ള പരാമർശമുണ്ട്. മത്തായി എഴുതിയ സുവിശേഷം 19–ാം അദ്ധ്യായത്തിലും ഇതേ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്.

ഒരിക്കൽ ഒരു പ്രമാണി യേശുവിനോട് നിത്യജീവൻ അവകാശമാക്കുവാൻ താൻ എന്തു ചെയ്യേണം എന്ന ചോദിച്ചു. കല്പനകൾ പ്രമാണിക്കാൻ യേശു അവനോട് ആവശ്യപ്പെട്ടു. എന്നാൽ ചെറുപ്പം മുതൽക്കേ താൻ എല്ലാ കല്പനകളും അനുസരിച്ചു പോരുന്നതായി അവൻ മറുപടിയായി പറഞ്ഞു. അപ്പോൾ യേശു അവനിലുള്ള കുറവിനെ ചൂണ്ടിക്കാണിച്ചു കൊടുത്തു. "ഒരു കുറവ് നിനക്കുണ്ട്. നിനക്കുള്ളതൊക്കെയും വിറ്റ് ദരിദ്രന്മാർക്ക് പകുത്ത് കൊടുക്ക; എന്നാൽ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപം ഉണ്ടാകും; പിന്നെ വന്ന് എന്നെ അനുഗമിക്ക എന്നു പറഞ്ഞു". അവൻ ധനവാനാക കൊണ്ട് ഇതുകേട്ട് അതി ദുഃഖിതനായിത്തീർന്നു. അപ്പോൾ യേശു: "ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം" എന്നു പറഞ്ഞു.

യുവാവ് നിത്യജീവൻ ആഗ്രഹിച്ച് യേശുവിന്റെ അടുക്കൽ വന്നു. താൻ ചെറുപ്പം മുതൽ കല്പനകൾ അനുസരിക്കുന്നതുകൊണ്ട് തനിക്ക് നിത്യജീവൻ പ്രാപ്യമാണെന്ന് അവൻ കരുതി. ചെറുപ്പം മുതൽ കല്പനകൾ അനുസരിക്കുന്നു എന്നു പറയുമ്പോൾ യേശുവിന്റെ പ്രതികരണം തനിയ്ക്ക് അനുകൂലമാകുമെന്ന് അവൻ കരുതി. എന്നാൽ യേശുവിന്റെ പ്രതികരണം അവൻ പ്രതീക്ഷിച്ച രീതിയിൽ ആയിരുന്നില്ല. നിരാശാജനകമായിരുന്നു. ചെറുപ്പം മുതൽ തന്നെ അവൻ കല്പനകൾ അനുസരിച്ച് വരികയായിരുന്നെങ്കിലും യേശു അവനിൽ ഒരു കുറവു കണ്ടെത്തി. ധനവാൻ ആയിരുന്ന ആ വ്യക്തിക്ക് യേശു ഉപദേശിച്ച രീതിയിൽ തന്റേതൊക്കെയും വിറ്റ് ദരിദ്രന്മാർക്ക് കൊടുക്കുവാൻ മനസ്സില്ലായിരുന്നു. ദ്രവ്യഗ്രഹം കൊണ്ട് അയാൾ പിന്മാറി. നിത്യജീവൻ പ്രാപിക്കുന്നതിനെക്കാൾ തന്റെ ഭൗതിക നന്മകൾക്കും അനുഗ്രഹങ്ങൾക്കും അയാൾ അമിത പ്രാധാന്യം നൽകി. എന്തെല്ലാം നന്മകൾ ഉണ്ടായിരുന്നാലും എല്ലാ കല്പനകളും അനുസരിച്ചാലും ദ്രവ്യാഗ്രഹം ഉണ്ടെങ്കിൽ നാം ദൈവ രാജ്യത്തിന് അന്യരാകും. ആയതിനാൽ, നാം നമ്മുടെ ഭൗതീക

നന്മകൾ ത്യജിച്ച് കർത്താവിനെ പിൻഗമിക്കേണ്ടത് ആവശ്യമാണ്.

ചുരുക്കിപ്പറഞ്ഞാൽ നാം പ്രതീക്ഷിക്കുന്ന പലരും ദൈവരാജ്യത്തിൽ കാണുകയില്ല. നമ്മുടെ ശരി ദൈവത്തിന് ശരിയാകണമെന്നില്ല. നമ്മുടെ നല്ലതുകൾ ദൈവത്തിന് നല്ലതാകണമെന്നുമില്ല. നമ്മുടെ ന്യായീകരണങ്ങൾ ദൈവത്തിന് സ്വീകാര്യമാകണമെന്നുമില്ല.

മത്തായി 25:40-ൽ *"എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന് നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു"* എന്ന് യേശു പറയുന്നു. അതുപോലെ മത്തായി 25:45-ൽ "ഈ ഏറ്റവും ചെറിയവരിൽ ഒരുത്തനു ചെയ്യാത്തേടത്തോളം എല്ലാം എനിയ്ക്കാകുന്നു ചെയ്യാത്തത്" എന്നും യേശു പറയുന്നു. ഇതിൽ ആദ്യത്തെ കൂട്ടർ നിത്യജീവങ്കലേക്കും രണ്ടാമത്തെ കൂട്ടർ നിത്യദണ്ഡനത്തിലേക്കും പോകും എന്ന് യേശു പഠിപ്പിക്കുന്നു.

ആദിമസഭയിൽ സകലവും പൊതുവക എന്ന് എണ്ണുകയും ജന്മഭൂമികളും വസ്തുക്കളും വിറ്റ് സമാഹരിച്ച് ഓരോരുത്തർക്ക് ആവശ്യമുള്ളതുപോലെ വിശ്വാസികൾ പരസ്പരം പങ്കിടുകയും ചെയ്തിരുന്നു. അവിടെ പങ്കിടലിന്റെ അനുഭവം അവർ ആസ്വദിച്ചിരുന്നു. ഈ പങ്കിടലിന്റെ അനുഭവം ഇന്ന് നമ്മുടെ ഇടയിൽ അന്യമായിത്തീർന്നു. ആവശ്യത്തിലിരിക്കുന്നവരെ സന്ദർശിക്കാനോ അവർക്കു വേണ്ടി പ്രാർത്ഥിക്കാനോ അവരെ കരുതുവാനോ നമുക്കുള്ളത് അവരുമായി പങ്കിടുവാനോ, നാം കൂട്ടാക്കുന്നില്ല.

ലൂക്കൊസ് 16:19-ൽ പറഞ്ഞിട്ടുള്ള ലാസറിനെയും ധനവാനെയും നമുക്ക് പരിചിതമാണല്ലോ. ധനവാൻ ഈ ഭൂമിയിൽ ആയിരുന്നപ്പോൾ സകല നന്മകളും അനുഭവിച്ചു. എന്നാൽ ലാസർ എന്ന ദരിദ്രൻ ഈ ലോകത്ത് വച്ച് പല കഷ്ടതകളും അനുഭവിച്ചു. യഥാർത്ഥത്തിൽ ലാസർ ധനവാന്റെ പടിപ്പുരക്കൽ ആണ് കിടന്നിരുന്നത്. ധനവാൻ തന്റെ സകല നന്മകളും ലാസറുമായി പങ്കിടേണ്ടിയിരുന്നു. ധനവാന് കഷ്ടപ്പെടുന്നവരെയും ആവശ്യത്തിലിരിക്കുന്നവരെയും സഹായിക്കാമായിരുന്നു. എന്നാൽ ധനവാൻ സകല നന്മകളും ഒറ്റയ്ക്ക് അനുഭവിച്ചുകൊണ്ടിരുന്നു. ഫലമോ, ലാസർ മരിച്ച് സ്വർഗ്ഗത്തിൽ അബ്രഹാം പിതാവിന്റെ മടിയിലും ധനവാൻ പാതാളത്തിൽ വേദന അനുഭവിച്ചും കൊണ്ടിരുന്നു. ദൈവരാജ്യത്തിൽ പ്രവേശിക്കാൻ ഔദാര്യമല്ല പങ്കിടലാണ് ആവശ്യം.

അബ്രഹാമിനെയും ലോത്തിനെയും നമുക്ക് അറിയാം. അവരുടെ കന്നുകാലികളുടെ ഇടയന്മാർ തമ്മിൽ വഴക്കിട്ടു അവർ തമ്മിൽ പിരിഞ്ഞു. ലോത്ത് യോർദ്ദാനരികെയുള്ള പ്രദേശമൊക്കെയും നീരോട്ടമുള്ളത് എന്ന് കണ്ട് ആ പ്രദേശം തിരഞ്ഞെടുത്തു. അബ്രഹാം കനാൻ ദേശത്തു തന്നെ പാർത്തു. ഇവിടെ അബ്രാം വിട്ടുകൊടുക്കലിന്റെ ആനന്ദം അനുഭവിച്ചു. എന്നാൽ ലോത്ത് വെട്ടിപ്പിടിക്കലിന്റെ ആനന്ദമനുഭവിച്ചു. യഹോവ സോദോം

ഗോമേറയെ നശിപ്പിച്ചപ്പോൾ ലോത്തിന് സകലവും നഷ്ടപ്പെട്ടു. അത് നമുക്ക് പാഠമായിരിക്കണം. സഹോദരനെ പറ്റിച്ചും സഹോദരനെ കരയിപ്പിച്ചും ഒന്നും നേടരുത്. വെട്ടിപ്പിടിയ്ക്കുമ്പോഴല്ല; വിട്ടുകൊടുക്കുമ്പോഴാണ് ദൈവ സാന്നിധ്യം ഉണ്ടാകുന്നത്. അബ്രഹാം നമുക്ക് മാതൃകയാകണം.

ലൂക്കൊസ് സുവിശേഷത്തിലെ *“യോഹന്നാൻ സ്നാപകൻ പുരുഷാരത്തോട് രണ്ട് വസ്ത്രമുള്ളവൻ ഇല്ലാത്തവനു കൊടുക്കട്ടെ; ഭക്ഷണ സാധനമുള്ളവനും അങ്ങനെതന്നെ ചെയ്യട്ടെ”* ലൂക്കൊസ് 3:14-ൽ *“ആരെയും ബലാൽക്കാരം ചെയ്യാതെയും ചതിയായി ഒന്നും വാങ്ങാതെയും നിങ്ങളുടെ ശമ്പളം മതി എന്നു വയ്പിൻ”* എന്നും പറുന്നു. സമ്പന്നനായ ദൈവം തരുന്ന സമ്പാദ്യം മാത്രമേ നിലനിൽക്കുകയുള്ളൂ. സ്നേഹം ഉണ്ടെങ്കിലേ സഹായിക്കാൻ മനസ്സ് വരികയുള്ളൂ.

ലൂക്കൊസ് 8-ൽ പറയുന്ന സക്കായിയെക്കുറിച്ച് നമുക്ക് അറിയാം. അനർഹമായത് തിരിയെ കൊടുത്തപ്പോഴാണ് അവന് രക്ഷവന്നത്. താൻ മുൻപ് ചെയ്ത തെറ്റായ കാര്യങ്ങൾ മറയ്ക്കാനോ, ന്യായീകരിക്കാനോ വേണ്ടിയല്ല യേശുവിനെ സന്തോഷത്തോടെ സ്വീകരിച്ചത്. യേശു അവന്റെ ഭവനത്തിൽ വന്നപ്പോൾ തന്നെ അവന്റെ മനോഭാവത്തിൽ മാറ്റം വന്നു. അവൻ തന്റെ വസ്തുവകയിൽ പകുതി ദരിദ്രർക്ക് കൊടുക്കാമെന്ന് യേശുവിനോടു വാക്കു പറയുകയും ചെയ്തു. ചതിവായി വാങ്ങിയത് 4 മടങ്ങായി മടക്കിക്കൊടുക്കുകയും ചെയ്തു. അപ്പോൾ അവന്റെ ഭവനത്തിൽ രക്ഷവന്നു.

ധനത്തോടുള്ള നമ്മുടെ മനോഭാവം എന്താണ്? എത്ര കിട്ടിയാൽ നാം തൃപ്തരാകും? ഞാൻ ധനവാനല്ല എന്ന് നാം ഓരോരുത്തരും പറയുമായിരിക്കും. എല്ലാം തികഞ്ഞ് അല്ലെങ്കിൽ സ്വന്ത ആവശ്യങ്ങളെല്ലാം നിറവേറ്റിയിട്ട് നമുക്ക് ഒരു നന്മയും മറ്റുള്ളവർക്ക് ചെയ്വാൻ കഴിയുകയില്ല.

ആരാണ് ധനവാൻ? നാമെല്ലാവരും ഒരു രീതിയിൽ അല്ലെങ്കിൽ മറ്റൊരു രീതിയിൽ ധനവാന്മാരാണ്. ചാരിറ്റി അല്ല. ഷെയറിംഗ് ആണ് ദൈവം ആഗ്രഹിക്കുന്നത്. ദ്രവ്യാഗ്രഹം മനുഷ്യനെ നശിപ്പിക്കും.

യേശുവിന്റെ അടുക്കൽ വന്ന ചെറുപ്പക്കാരന് യേശുവിന്റെ ഉപദേശം കൈകൊൾവാൻ കഴിഞ്ഞില്ല. വചനം എല്ലാം അനുസരിക്കേണ്ടതാണ്. ഈ ചെറുപ്പക്കാരൻ ചെയ്തതുപോലെ സ്വന്ത ഇഷ്ടപ്രകാരം ചില വചനങ്ങളെ തിരഞ്ഞെടുത്ത് അവ മാത്രം അനുസരിച്ചാൽ ദൈവരാജ്യം ലഭിയ്ക്കില്ല.

സഹോദരനെ കരയിപ്പിച്ചും, അയൽക്കാരനെ പറ്റിച്ചും, കൂട്ടുകാരനെ കബളിപ്പിച്ചും ഒന്നും നേടാൻ ശ്രമിക്കരുത്. തലമുറകൾ അനുഗ്രഹിക്കപ്പെടണമെങ്കിൽ അബ്രഹാമിനെപ്പോലെ വിട്ടുകൊടുക്കാൻ കഴിയണം. ലോത്ത് അല്ല അബ്രഹാം ആകണം. സക്കായിക്ക് കഴിയുമെങ്കിൽ നമുക്കും കഴിയും. സക്കായി 4 ഇരട്ടി പകരം നൽകി എങ്കിൽ നാം നമ്മെ മുഴുവനായി തന്നെ യേശുവിനു സമർപ്പിക്കേണ്ടതാണ്. അതിന് ദൈവം നമ്മെ സഹായിക്കുമാറാകട്ടെ. ആമേൻ.



# അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം
# ഭൂമിയിൽ ദൈവപ്രസാദമുള്ളേവർക്കും സമാധാനം

**S.R. Chandrika Jayadas**

ബേതലഹേമിലെ കാലിതൻ കൂടതിൽ
ദൈവകുമാരൻ ഭൂജാതനായ്
ദാസരൂപം പൂണ്ടുപാരിതിൽ വന്നവൻ
കാലികളിൻ മദ്ധ്യേ ജാതനായി.

ലോകത്തിൻ പാടുകൾ പോക്കുവാനായവൻ
ലോക രക്ഷകനായ് ലോകെ വന്നു,
ലോകത്തിൽ മർത്യർ അതുൾക്കൊള്ളാനാകാതെ
തള്ളിപ്പറഞ്ഞവർ ക്രൂശിലേറ്റി.

എന്നാലോ മൂന്നാം നാൾ വീണ്ടും ഉയിർത്തവൻ
പരിശുദ്ധാത്മാവിനെ നമ്മിലേകി,
ആ നല്ല സുദിനം നമ്മൾക്കേകുവാൻ
ശ്രീ യേശു ഭൂജാതനായ്.

യേശു ഇന്നും ജീവിക്കുന്നതിനാൽ
നാമും ഇന്നിതാ ജീവിക്കുന്നു,
അത്ഭുത മന്ത്രിയായ് വീരനാം ദൈവമായ്
നിത്യപിതാവായ് കൂടെയുണ്ട്.

മാനുഷർക്കെന്നും സമാധാനമേകുവാൻ
ഇമ്മാനുവേലായ് കൂടെയുള്ളോൻ,
സന്മനസ്സുള്ളോർക്കുശാന്തിയേകുവാൻ
ശ്രീയേശു ഭൂജാതനായ്.

രാജാധിരാജാവായ് കർത്താധി കർത്താവായ്
നമ്മെ ചേർക്കുവാൻ ഭൂവിൽവന്നു,
പാപങ്ങൾ പോക്കുവാൻ ശാപങ്ങൾ നീക്കുവാൻ
ശ്രീയേശു ഭൂജാതനായ്.

# എം എം ചർച്ച് ഹാർവെസ്റ്റ് ഫെസ്റ്റിവൽ 2022

2022 വർഷത്തെ എം.എം. ചർച്ച് വാർഷിക ലേലം 2022 ഡിസംബർമാസം 10, 11 തീയതികളിൽ ദൈവകൃപയാൽ വളരെ അനുഗ്രഹീതമായി നടത്തപ്പെട്ടു.

ഫേവറിറ്റ് കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ശ്രീ. മാർട്ടിൻ തോമസ് ആദ്യ ലേലം കൈക്കൊണ്ടു.

സഭയുടെ ചാരിറ്റി പ്രവർത്തനങ്ങൾക്കും മറ്റു അടിയന്തര ആവശ്യങ്ങളുടെയും ധനശേഖരണാർത്ഥം നടത്തിയ ഈ സംരംഭത്തിൽ ലേലം, സംഭാവന, ലക്കി ഡിപ്പ്, സംഘടന സ്റ്റാളുകൾ (ജെ.സി.എഫ്., ബി.സി.എൽ., സി.ഇ.വൈ.എഫ്., വൈ.എഫ്.എഫ്, മെൻസ് ഫലോഷിപ്പ്, വിമൻസ് ഫെലോഷിപ്പ്, എസ്.സി.എഫ്., ക്വയർ, സൺഡേ സ്കൂൾ) ഫാമിലി സ്റ്റാൾ എന്നിവയിലൂടെ മുൻ വർഷങ്ങൾ അധികം തുക സമാഹരിച്ചു.

ഹാർവെസ്റ്റ് ഫെസ്റ്റിവലിനായി വസ്തുക്കളായും സംഭാവന നൽകിയും ലേലത്തിൽ പങ്കെടുത്തും സാധനങ്ങൾ വാങ്ങിയും വിവിധ സ്റ്റാളുകൾ സന്ദർശിച്ച് പ്രോത്സാഹനം നല്കിയും സഹകരിച്ച ഏവർക്കും നന്ദി രേഖപ്പെടുത്തുന്നു.

ഇത്തവണ സ്റ്റാളുകൾ മുഖേന നല്ലൊരു തുക സമഹരിക്കുന്ന തിനായി. ഇതിനായി യത്നിച്ച വിവിധ സംഘടനകള്ക്ക് പൊതുവായയും ഏറ്റവും കൂടുതല് തുക സമാഹരിച്ച ക്വയർ, എസ്. സി. എഫ്. എന്നിവയ്ക്ക് പ്രതേകിച്ചും നന്ദി രേഖപ്പെടുത്തുന്നു.

ഹാർവെസ്റ്റ് ഫെസ്റ്റിവലിനോടനുബന്ധിച്ച് ലക്കി ഡിപ്പ്, ലൈവ് ഫോട്ടോഗ്രഫി മത്സരം, ഡ്രായിങ്ങ് & പേയിന്റിങ്ങ് മത്സരം എന്നിവ നടത്തുകയുണ്ടായി. അതിൽ വിജയിച്ചവർക്കുള്ള സമ്മാനം 23-12-2022 ലെ കംബൈൻഡ് ക്രിസ്മസ്സ് സെലിബ്രേഷനിൽ വെച്ച് നൽകുകയുണ്ടായി.

ലക്കി ഡിപ്പ് സമ്മാനങ്ങൾ സ്പോൺസർ ചെയ്ത എഞ്ചി. തോമസ് ക്രിസ് സാരസം, ശ്രീ ആൽബർട്ട് ഡാനിയൽ വിനോദ്, ഡോ. രാജ് മോഹൻ, ഹവർലി റാഫിൾ സമ്മാനങ്ങൾ സ്പോൺസർ ചെയ്ത ഡോ. ഷീജാ ബോബി, ഫോട്ടോഗ്രഫി / ഡ്രായിങ്ങ് & പേയിന്റിങ്ങ് മത്സരവിജയികൾക്കുള്ള സമ്മാനങ്ങൾ സ്പോൺസർ ചെയ്ത ആഡ്വ. സർജിൻ തോമസ്, എഞ്ചി. ജോസ് എച്ച് ജോൺസ് എന്നിവർക്കുമുള്ള പ്രത്യേകം നന്ദിയും രേഖപ്പെടുത്തുന്നു.

ഹാർവെസ്റ്റ് ഫെസ്റ്റിവലിന്റെ വിജയത്തിനായി ജോയിന്റ് കൺവീനർമാരായും വിവിധ സബ്കമ്മിറ്റി കൺവീനർമാരായും കമ്മിറ്റി അംഗങ്ങളായും പ്രവർത്തിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. അതോടൊപ്പം വിവിധ സംഘടനാഭാരവാഹികൾക്കും ഹാർവെസ്റ്റ് ഫെസ്റ്റിവലിന്റെ വിജയത്തിനായി പ്രവർത്തിച്ച എൽ. ഇ. സഹനം അച്ചനും എല്ലം സഭാ ഭാരവാഹികൾക്കും മറ്റ് അംഗങ്ങൾക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ഹാർവെസ്റ്റ് ഫെസ്റ്റിവൽ 2022 വിജയിപ്പിച്ച ഏവർക്കും ഒരിക്കൽ കൂടി നന്ദി അറിയിക്കുന്നു.

ദൈവം നമ്മെ ഏവരേയും സമൃദ്ധിയായി അനുഗ്രഹിക്കുമാറാകട്ടെ.

*കൺവീനർമാർ*

## ക്രിസ്തു നമ്മുടെ മാതൃക; നമ്മുടെ ദൃഷ്ടാന്തം

Tribal Mission എന്ന മിഷനറി സംഘടന 1977-ലാണ് രൂപം കൊണ്ടത്. ഭാരതത്തിന്റെ ജനസംഖ്യയിൽ 8% ആളുകൾ ആദിവാസികളാണ്. 426 ആദിവാസിഗോത്ര വിഭാഗങ്ങൾ ഇന്ന് ഭാരതത്തിലുണ്ട്. മലയാള മനോരമ പത്രത്തിൽ കേരളത്തിലെ ചോലനായ്ക്കർ എന്ന ആദിവാസികളെക്കുറിച്ചുള്ള ഒരു ഫീച്ചർ പ്രസിദ്ധീകരിച്ചിരുന്നു. അവരുടെ ജീവിതത്തിന്റെ ദയനീയതയെ ക്കുറിച്ചുള്ള വിശദമായ ഒരു റിപ്പോർട്ടാണ് ആദിവാസിമേഖലകളിൽ മാത്രം കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന Tribal Mission എന്ന സംഘടനയുടെ രൂപീകരണ ത്തിന് വഴി തെളിച്ചത്.

മിഷൻ ഫീൽഡു സന്ദർശനം ഒരു സുവിശേഷ പ്രവർത്തകന് അത്യാവശ്യമായ കാര്യമാണ്. പ്രാർത്ഥിച്ചതുകൊണ്ടോ, സംഭാവന നൽകിയതുകൊണ്ടോ മാത്രം പോര. മിഷൻ ഫീൽഡിൽ പോകാനും പ്രവർത്തിക്കാനും താല്പര്യമുണ്ടാകണം. പല യുവാക്കളും മിഷൻ ഫീൽഡിലേക്ക് പോകാൻ താല്പര്യമുള്ളവരാണ്. പക്ഷേ പലപ്പോഴും മാതാപിതാക്കളാണ് അവരെ പിൻതിരിപ്പിക്കുന്നത്. യുവതലമുറയെ പ്രോത്സാഹിപ്പിച്ച യയ്ക്കാനുള്ള ദർശനം ഇന്നാവശ്യമായിരിക്കുന്നു.

# BIBLE QUIZ

Ajith Sen

We hope that all of you are carefully reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the First Epistle to Corinthians 5 to 14. Kindly, read these ten chapters before attempting the quiz. Here Paul talks about the Church and the role of believers in Church.

Please substantiate your answers by stating references (verse) from the Bible. The questions are prepared from the New International Version (NIV) of the English Bible; kindly use that version to find the correct answers. For clarifications, refer the Malayalam translation of the questions. Submit your answers written in English or Malayalam before January 31st through email at churchvoicequiz@gmail.com

*Those who are writing answers on paper, kindly use a single side to write the answers and write the name on the same side before taking the photo.*
*After taking a photo make sure that the answers are readable before sending it.*
*Email is the only mode of communication.*

*The Bible Quiz can be downloaded every month using the URL https://is.gd/cvquiz*
*You can also scan the QR code to go to the link.*

The Bible Quiz can be downloaded every month using the URL https://is.gd/cvquiz

You can also scan the QR code to go to the link.

1. Who is the head of every man?
2. An unmarried man is concerned about whose affairs?
3. Who is the Passover lamb, sacrificed for us?
4. Paul is exhorting the Church to follow the way of what?
5. Who is in us, whom we have received from God?
6. A believer should be careful that the exercise of his rights should not become a stumbling block to whom?
7. Who is the seal of Paul apostleship in the Lord?
8. Which three gifts remain?
9. How many died in one day among Israelites because they committed sexual immorality?
10. Who has God placed third in the Church?

---

*Read the instructions given above before submitting the answers. Those answers submitted without following the instructions will not be valued along with correct submissions.*
*The correct answers to the quiz from Romans 11 to 16 and 1 Corinthians 1 to 4*

1. The kingdom of God (Rom. 14:17)
2. The spiritual man (1 Cor. 2: 15)
3. Benjamin (Rom. 11:1)
4. Phoebe (Rom. 16:1)
5. Paul (1 Cor. 1:14)
6. Lord Jesus Christ (Rom. 13:14)
7. Fire (1 Cor. 3:13)
8. Apostles (1 Cor. 4:9)
9. Macedonia and Achaia (Rom. 15:26)
10. Bless them (Rom. 12:14)

---

*List of people who got all answer correct except one*

1. Girly Rajesh John
2. Rajesh John Ross

## ചർച്ച്‌വോയ്സ് ബൈബിൾ ക്വിസ്സ് മലയാളം പരിഭാഷ

**ജനുവരി 2023 1 കൊരിന്ത്യർ 5-14**

എല്ലാ മാസവും ഇംഗ്ലീഷിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ വായിച്ചതിനുശേഷം ഉത്തരങ്ങൾ എഴുതുക. നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ സമർപ്പിക്കുന്ന ഉത്തരങ്ങൾ മറ്റുള്ളവയുടെ കൂടെ പരിഗണിക്കുകയില്ല.

1. ഏതു പുരുഷന്റെയും തല ആര്?
2. വിവാഹം ചെയ്യാത്തവൻ ആർക്കുള്ളത് ചിന്തിക്കുന്നു?
3. നമുക്ക് വേണ്ടി അറുക്കപ്പെട്ട പെസഹാക്കുഞ്ഞാട് ആര്?
4. എന്ത് ആചരിപ്പാനാണ് ഉത്സാഹിക്കേണ്ടത്?
5. ദൈവത്തിന്റെ ദാനമായി നമ്മിൽ ഇരിക്കുന്നത് ആര്?
6. ഒരു വിശ്വാസിയുടെ സ്വാതന്ത്ര്യം ആർക്ക് തടങ്ങൽ ആയി വരാതിരിക്കാ നാണ് നോക്കേണ്ടത്?
7. കർത്താവിൽ പൗലൊസിന്റെ അപ്പൊസ്തലത്വത്തിന്റെ മുദ്ര ആര്?
8. നിലനില്ക്കുന്ന മൂന്നു വരങ്ങൾ ഏതെല്ലാം?
9. യിസ്രായേൽ മക്കളിൽ ചിലർ പരസംഗം ചെയ്ത് ഒരു ദിവസം വീണു പോയത് എത്ര പേർ?
10. ദൈവം സഭയിൽ മൂന്നാമതായി നിയമിച്ചിരിക്കുന്നത് ആരെ?

## GOD'S WAYS, WORDS AND WONDERS ARE NOT STEREOTYPED.

Sometimes Jesus 'touched' and healed the sick (Mt. 8:3,15; 9:29).
At other times He just 'spoke' the Word and healed them
(Lk 17:12-14; Jn. 4:50).
There were also instances when He used a 'substance' to heal folks
(Mk 7:33; Jn.9:6,7).
Ours is a God of variety. We foolishly advise Him
in our so-called importunate prayer.
Our prayers will be 'heard' only if
offered according to 'His will' (1 Jn. 5:14).
Since we know not His perfect will most of the times, the best way is to submit to Him saying repeatedly, 'Your will be done!' (Mt. 26:39,42, 44

## കഷ്ടകാലം!

"യഹോവ പീഢിതന്നു ഒരു അഭയസ്ഥാനം; കഷ്ടകാലത്തു ഒരഭയസ്ഥാനം തന്നേ. നിന്റെ നാമത്തെ അറിയുന്നവർ നിങ്കൽ ആശ്രയിക്കും; യഹോവേ, നിന്നെ അന്വേഷിക്കുന്നവരെ നീ ഉപേക്ഷിക്കുന്നില്ലല്ലോ" (സങ്കീ. 9:9,10).

പീഢനകളും കഷ്ടങ്ങളും ഐഹിക ജീവിതത്തിൽ സർവ്വസാധാരണമാകുന്നു. സാധുക്കളും വിധവമാരും അനാഥരും വളരെയധികം പീഢിപ്പിക്കപ്പെടുന്നു. ബലവാന്മാർ ബലഹീനരെ ആക്രമിക്കുന്നു. ക്രൂരന്മാർ സാധുക്കളെ പീഡിപ്പിക്കുന്നു. ന്യൂനപക്ഷക്കാരെ ഭൂരിപക്ഷക്കാർ ആക്രമിച്ചടിമപ്പെടുത്തുന്നു. ഇങ്ങനെയല്ലേ മിസ്രയീമിൽ യിസ്രായേൽ ജനങ്ങളെ ഫറവോൻ ആക്രമിച്ചത്! ഇക്കാലത്ത് ചില സഭാ മേലദ്ധ്യക്ഷന്മാരാൽ സഭാജനങ്ങളും ഈ ദുരിതം അനുഭവിക്കുന്നു.

പീഡിപ്പിക്കപ്പെടുന്ന അനുഭവങ്ങളാൽ നിങ്ങൾ വിലപിക്കുന്നുവോ? അനേകം കഷ്ടങ്ങളിൽ അകപ്പെട്ട് "അയ്യോ പീഢിപ്പിക്കപ്പെടുന്നേ, ആക്രമിക്കപ്പെടുന്നേ എന്നു നിങ്ങൾ നിലവിളിക്കുന്നോ?" എളിയവർക്കു കർത്താവ് അഭയസ്ഥാനം. കഷ്ടകാലത്തു അവൻ തന്നെ സങ്കേതം എന്നു സങ്കീർത്തനക്കാരൻ പറയുന്നു. നിങ്ങളുടെ ഓരോ കഷ്ടനേരത്തിലും നിങ്ങളുടെ കഷ്ടങ്ങൾ കണ്ട് സഹായിക്കുവാൻ മുന്നോട്ടുവരുന്നവൻ യേശു മാത്രമാണ്. ഏതൊരു കൊടുങ്കാറ്റിനെയും കോളിളക്കത്തെയും ശാന്തമാക്കുന്നവൻ യേശു തന്നെ. അവന്റെ അളവില്ലാത്ത സ്നേഹവും ദയയും മനസ്സലിവും അറിഞ്ഞുകൊള്ളുന്നുവെങ്കിൽ തീർച്ചയായും ആപത്തുകാലങ്ങളിൽ യേശുവിനെ നോക്കിയപേക്ഷിച്ചാൽ വിടുതൽ പ്രാപിക്കും.

*"The Church exists by mission as fire exists by burning" (Emil Bruner)*

*"For the wrestle not against flesh and blood, but against principalities, against powers, against the rulers of the darkness of this world, against spiritual wickedness in high places" (Ephesians 6:12)*

# How the poor live?

*One day, a father of a very wealthy family took his son on a trip to the country with the firm purpose of showing his son how poor people live. They spent a couple of days and nights on the farm of what would be considered a very poor family. On their return from their trip, the father asked his son, "How was the trip?"*

*"It was great, Dad"*

*"Did you see how poor people live?" the father asked.*

*"Oh yeah", said the son.*

*"So, tell me, what did you learn from the trip?"*

*asked the father.*

*The son answered, "I saw that we have one dog and they had four. We have a pool that reaches to the middle of our garden, and they have a creek that has no end. We have imported lanterns in our garden, and they have the stars at night. Our portico reaches to the front yard, and they have the whole horizon. we have a small piece of land to live on, and they have fields that go beyond our sight. We have servants who serve us, but they serve others. We buy our food, but they grow theirs. We have walls around our property to protect us; they have friends to protect them".*

*The boy's father was speechless.*

*... his son added,* ***"Thanks, Dad, for showing me how poor we are"***

## OBITUARY

| Sl No | Family No | Name |
|---|---|---|
| 1 | 1215 | **Mr. Johnsle Tilak**<br>Allieds, TC 26/2012/13, Tutors Lane,<br>Statue, Trivandrum 695001<br>Died on : 07-12-2022  |
| 2 | 0088 | **Mrs. Iris Marigold Fenn**<br>Flat No. 1 C, Spring Bloom, PPD,<br>Kuravankonam, Trivandrum 695003<br>Died on : 25-12-2022  |
| 3 | 0121 | **Mrs. Lytta Grace Samuel**<br>Hill View, TC 12/249, TRA 68,<br>Thekkumoodu, Trivandrum 695035<br>Died on : 08-01-2023  |
| 4 | 0357 | **Mrs. Sumathy Bai J.**<br>Rohini Gardens, Marappalam Jn.,<br>Pattom, Trivandrum 695004<br>Died on : 12-01-2023  |
| 5 | 2154 | **Mrs. Lovely Das A.G.**<br>House No. 169, Dharshan Nagar,<br>Peroorkada<br>Died on : 18-01-2023  |

*In ever loving memory of*



# JAYARAJ M.A.

(Rtd. Asst. Manager (General) F.C.I)

'SUNDARAM', VALIASALA

**Called to Eternal Glory on 22-01-2022**

**"SAFE IN THE ARMS OF JESUS"**

*Fondly remembered by*

Wife : Prof. Santha Kumari D

Son : Josh Raj J

Daughter-in-law : Beena George

Granddaughter : Joseena Josh & Joselyn Josh

# CEYF Christmas Carol Service (11-12-2022)

